"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.281/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/02/2021

---

പരാമർശം:- 1 സർക്കുലർ നം. 19/2016/ധന തീയതി 05/3/2016

2 സർക്കാർ കത്ത് നം.തസ്വഭവ-ഇപിഎ2/168/2016-തസ്വഭവ തീയതി 19.11.2016

3 ബഹു. കേരള ഹൈക്കോടതിയുടെ 16/03/2018 ലെ WP(C)24509/2017 നം. വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ 22.11.2018, 04.9.2019 തീയതികളിലെ ഇ9/27827/2017നം. കത്തുകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 16.11.2020 ലെ PAN/7318/2019-E1(DP) നം. കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയെ സ്ഥിരപ്പെടുത്തുന്നതിന് ടിയാരി അപേക്ഷ, സമർപ്പിച്ചിരുന്നതും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുകയില്ലായെന്ന് പരാമർശം (1) സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ടി അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു. അതിനെതിരെ ശ്രീമതി.കെ.പി.ദുർഗ്ഗാദേവി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)24509/2017 നമ്പർ ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർ ശം (3) ലെ വിധിന്യായത്തിൽ താഴെ പറയും പ്രകാരം നിർദേശിച്ചു.

".... In the above circumstances, the orders Exbt.P8 and Ext.P9 are set aside. There shall be a direction to the 1st respondent to reconsider the resolution of the Panchayath and representation of the the petitioner. There shall be a direction to the 4th respondent to forward a fresh proposal for creation of the post of Part Time Sweeper and for regularisation of petitioner, to the Government through proper channel referring to the earlier letters and proposals within a period of two weeks from the date of receipt of a copy of the judgement. The 1st respondent shall pass orders thereon, in tune with Exts.P2 and P11 orders on the question of sanctioning of the post of Part Time Sweeper in the 4th respondent Panchayath and regularization of petitioner in that post within a further period of two months' from the date of receipt of a copy of the judgement. The writ petition is disposed of accordingly."

ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കി. തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ 12.10.2001 ലെ 7-ാം നമ്പർ തീരുമാനപ്രകാരം ഓഫീസ് സ്വീപ്പറായിട്ടാണ് ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയെ നിയമിച്ചത്. ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിന് 03/10/2015 ലെ കമ്മിറ്റി 9(8) -ാം നമ്പരായി തീരുമാനമെടുത്തിരുന്നു. നിലവിൽ പാർട്ട്-ടൈം സ്വീപ്പർ തസ്തികയില്ലാത്ത തൃക്കടീരി ഗ്രാമപഞ്ചായത്തിന് 354 ച.മീ സ്വീപ്പിംഗ് ഏര്യ ഉള്ളതായി ഷൊർണ്ണൂർ

പി.ഡബ്ലിയൂ.ഡി അസിസ്റ്റന്റ് എഞ്ചിനീയർ 30.03.2017 തീയതിയിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയുടെ ഹർജിയിൻമേലുള്ള ഉത്തരവിൻമേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ 25/11/2005 തീയതിയിൽ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 100 ച. മീറ്ററിൽ കൂടുതൽ ഉണ്ടായിരുന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.കെ.പി.ദുർഗ്ഗാദേവി സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മാത്രമെ സ്ഥിരപ്പെടുത്തലിനും മറ്റ് ആനുകൂല്യങ്ങൾക്കും അവകാശപ്പെടുകയുള്ളുവെന്ന് സമ്മതിച്ചുകൊണ്ട് നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുകയും പരാമർശം (5) പ്രകാരം ആയത് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീമതി.കെ.പി.ദുർഗ്ഗാദേവിയെ സർക്കാർ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി.കെ.പി.ദുർഗ്ഗാദേവി, പാർട്ട് ടൈം സ്വീപ്പർ, തൃക്കടീരി ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.

സെക്രട്ടറി,തൃക്കടീരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/13/2019-FIN. തീയതി 31.01.2020 പ്രകാരം).

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/129/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Damyadl

സെക്ഷൻ ഓഫീസർ